# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3889** | **24.06.2014-ൽ മറുപടിയ്ക്ക്**

## രാമനാട്ടുകര പഞ്ചായത്തിൽ കിൻഫ്ര ഏറ്റെടുത്ത ഭൂമി

| ചോദ്യം<br>ശ്രീ. എളമരം കരീം | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിൽ കിൻഫ്ര ഏറ്റെടുത്ത ഭൂമിയിൽ വികസന പ്രവർത്തനം നടത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) എന്തെല്ലാം പദ്ധതികൾക്കാണ് ഈ ഭൂമി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത സ്ഥലത്ത് ഒരു നോളഡ്ജ് പാർക്ക് സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) വ്യവസായ പദ്ധതികൾ എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ? | (സി) രാമനാട്ടുകരയിൽ ഏറ്റെടുത്ത ഭൂമിയിൽ ഭൂരിഭാഗവും വർഷങ്ങളായി കൃഷി ചെയ്യാത്ത നെൽവയലുകളാണ്. ഇവിടെ ഭൂമി ഏറ്റെടുക്കുന്നതിനെതിരായും, നെൽവയലുകൾ നികത്തി വ്യവസായങ്ങൾ ആരംഭിക്കുന്നതിനെതിരായും തണ്ണീർത്തട സംരക്ഷണ സമിതിയും ചില ഭൂവുടമകളും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഈ പെറ്റീഷനുകളുടെ അടിസ്ഥാനത്തിൽ രാമനാട്ടുകരയിൽ ഭൂമി രൂപാന്തരപ്പെടുത്തുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. കൂടാതെ ഈ സ്ഥലം നികത്തുന്നതിനുള്ള അനുമതിക്കുള്ള കിൻഫ്രയുടെ അപേക്ഷയിൽ തണ്ണീർത്തട സംരക്ഷണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ടി നിയമതടസ്സങ്ങൾ ഒഴിവായതിനുശേഷം മാത്രമേ പദ്ധതികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ